(ഡി) ഇക്കാര്യത്തിൽ നടപടികൾ കൈക്കൊള്ളുന്നതിനുള്ള റിവ്യൂ കമ്മിറ്റി ഉണ്ടോ എന്നും അതിന്റെ മീറ്റിംഗ് കൂടിയിട്ടുണ്ടോ എന്നും അറിയിക്കുമോ?

ഉത്തരം

(എ&ബി) 1996 ജൂൺ മാസം മുതൽ ഇതുവരെയായി 182 കേസുകൾ സർക്കാർ മുൻപാകെ നിലവിലുണ്ട്. ഇവയിൽ 76 എണ്ണം വ്യാജ പട്ടിക ജാതിക്കാർക്കെതിരായി നടപടി സ്വീകരിക്കുന്ന സ്ക്രൂട്ടിനി കമ്മിറ്റി നിരാകരിക്കുകയും മേൽ നടപടികൾ സ്വീകരിക്കുകയും ചെയ്തു. ബാക്കിയുള്ളവയിൽ നിയമപ്രകാരമുള്ള നടപടികൾ നടന്നുവരികയാണ്.

(സി) 9-ാം കേരള നിയമസഭ പാസ്സാക്കിയതിൽ കേന്ദ്രാനുമതി ഉൾപ്പെടെ എല്ലാ നിയമ നടപടിക്രമങ്ങളും പാലിച്ചിരുന്നതാണ്. ആയതിന് 24-8-1996-ൽ തന്നെ രാഷ്ട്രപതിയുടെ അനുമതി ലഭിക്കുകയും, 1-12-1996 മുതൽ, കേരള (പട്ടികജാതി-പട്ടികവർഗ്ഗ) സമുദായ സർട്ടിഫിക്കറ്റ് നൽകലും നിയന്ത്രിക്കലും നിയമം എന്ന പേരിൽ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) വ്യാജജാതി പ്രഖ്യാപിച്ച് പട്ടിക വിഭാഗക്കാരുടെ ആനുകൂല്യങ്ങൾ കവർന്നെടുക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് ഒരു ഉന്നതാധികാര സ്ക്രൂട്ടിനി കമ്മിറ്റിയാണ് രൂപീകരിച്ചിട്ടുള്ളത്. ഈ കമ്മിറ്റി ആവശ്യാനുസരണം മീറ്റിംഗ് കൂടാറുണ്ട്.

19 (928) പമ്പാവാലി ഇലക്ട്രിഫിക്കേഷൻ സംബന്ധിച്ച്

ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക പിന്നോക്ക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജകമണ്ഡലത്തിലെ വനത്തിനുള്ളിൽ ഒറ്റപ്പെട്ടു കിടക്കുന്ന പെരുനാട് പഞ്ചായത്തിലെ പമ്പാവാലിയുടെ ഇലക്ട്രിഫിക്കേഷന് ജില്ലാ വർക്കിംഗ് ഗ്രൂപ്പിൽനിന്നും എസ്.സി.പി.ഫണ്ട് അനുവദിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതുവരെ പണം അനുവദിക്കാതിരുന്നത് എന്തുകൊണ്ട് എന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) പ്രസ്തുത പദ്ധതിക്ക് ജില്ലാ വർക്കിംഗ് ഗ്രൂപ്പിൽ നിന്നും എസ്.സി.പി.ഫണ്ട് അനുവദിച്ചിട്ടില്ല.

(ബി) ഗുണഭോക്താക്കളിൽ 40 ശതമാനത്തിൽ കൂറവുമാത്രമേ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുള്ളൂ എന്നാണ് റിപ്പോർട്ട്. അതിനാൽ ജില്ലാ പട്ടികജാതി-പട്ടികവർഗ്ഗ വികസന സമിതി ഈ പണിക്ക് അംഗീകാരം നൽകിയിട്ടില്ല.

20 (929) പട്ടുവം മോഡൽ റസിഡൻഷ്യൽ സ്ക്കൂളിന് സ്വന്തമായി കെട്ടിടം

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly